പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6016 08.07.2013 - ൽ മറുപടിയ്ക്ക്

**താലോലം പദ്ധതി**

ചോദ്യം ഉത്തരം

ശ്രീ. വി. ശശി

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | താലോലം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 15 ആശുപത്രികൾ മുഖേന 2010 മാർച്ച് മുതൽക്ക് നടപ്പിലാക്കി വരികയാണ്. പദ്ധതി പ്രകാരം 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ/ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. |
| (ബി) | ഇതേ സ്വഭാവത്തിലുള്ള പദ്ധതികൾ മറ്റു വകുപ്പുകൾ തുടങ്ങിയതായി അറിയാമോ ; വ്യക്തമാക്കുമോ ? | (ബി) | ഇതേ സ്വഭാവത്തിൽ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആരോഗ്യ കിരണം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ